പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നംപർ. 336 | 26.06.2012 -ൽ<br>മറുപടിയ്ക്ക് |

ഖാദി മേഖലയിലെ ഉല്പാദനവും ആധുനികവല്ക്കരണവും

| | |
|---|---|
| ചോദ്യം | ഉത്തരം |
| ശ്രീ. കെ.വി. വിജയദാസ്:<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>" സി. കൃഷ്ണൻ:<br>" കെ. കുഞ്ഞിരാമൻ (ഉദുമ): | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമ വ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഖാദി മേഖലയിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആധുനികവല്ക്കരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) കോഴിക്കോട്, മലപ്പുറം, പാലക്കാട് പ്രോജക്ടുകൾ ഉൾപ്പെടുത്തി 2012-13-ലെ പദ്ധതി വിഹിതത്തിൽ ഒരു ഖാദി ക്ലസ്റ്ററിനായി 149 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വേതനപൂരക പദ്ധതിപ്രകാരം 2011-12 വർഷം 14.68 കോടി രൂപ അനുവദിച്ചു. പ്രസ്തുത തുക പതിനായിരത്തോളം ഖാദി തൊഴിലാളികൾക്ക് വിതരണം ചെയ്തു വരുന്നു. ഖാദി മേഖലയുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. ഗോപിനാഥൻ നായർ ചെയർമാനായുള്ള ഒരു സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ടി സമിതിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |

(ബി) നെയ്ത്തുകാർക്ക് റെഡി മെയ്ഡ് പാവ് നൽകുന്നതിനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഖാദിമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ടി സമിതി സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ട് അനുസരിച്ച് നെയ്ത്തുകാർക്ക് റെഡി മെയ്ഡ് പാവു നൽകുന്നതിനുള്ള പദ്ധതിയെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(സി) ഖാദിബോർഡിന്റെ കൈവശമുള്ള ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

(സി) ഉണ്ട്.

കൊല്ലം ജില്ലയിലെ കാവനാട്, പത്തനംതിട്ടയിലെ ഇലന്തൂർ, കോഴിക്കോട് ജില്ലയിലെ മുച്ചുകുന്ന്, കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി എന്നിവിടങ്ങളിൽ മിനി വ്യവസായ പാർക്കുകൾ (വില്ലേജ് ഇൻഡസ്ട്രിയൽ പാർക്ക്) നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പുതുതായി വരുന്ന ഗ്രാമ വ്യവസായ തൊഴിൽ സംരംഭകർക്ക് കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം നൽകി ചെറുകിട ഗ്രാമ വ്യവസായ യൂണിറ്റുകൾ ഒരു കുടക്കീഴിൽ കൊണ്ടുവരുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ആദ്യഘട്ടമെന്ന നിലയിൽ കൊല്ലം ജില്ലയിലെ കാവനാട് ഗ്രാമവ്യവസായ പാർക്കിനായി 2012-13 -ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ